# ജി.എച്ച്.എസ്.എസ്
# ചുണ്ടങ്ങാപ്പൊയിൽ








Little KITEs



# ഇ- വർണത്തൂലിക

# ഉള്ളടക്കം

1). പ്രകൃതിയും മനുഷ്യനും
2). മഴ
3). അമ്മ
4). പ്രകൃതിയും പുതുതലമുറയും
5). സൗഹൃദം
6). കേളപ്പന്റെ ചെമ്മരിയാട്ട്
8). ദാഹിച്ചു വലിഞ്ഞ ഒരു യാത്രക്കാരന്റെ കഥ
9). ഫുടബോളിന്റെ മന്ത്രികർ
10). കൊറോണ എന്ന മഹാമാരി
11). ലഹരി
12). അമ്മയ്ക്ക് ഒരു ഉമ്മ
13). എന്താണ് യാത്ര ?
14). ജീവിതമൊരു യാത്ര
15). മാതൃഭാഷ
16). മഴ
17). എന്റെ യാത്ര
18). യാത്രയാകുന്ന ജീവിതം
19). 'അമ്മ
20). ചിത്രം

# പ്രകൃതിയും മനുഷ്യനും

പ്രകൃതിയിലെ ജൈവികവും അജൈവികവുമായ എല്ലാ ഘടകങ്ങളും ചേർന്നതാണ് പരിസ്ഥിതി .എന്നാൽ ഇന്ന് ആ പരിസ്ഥിതി പല കാരണങ്ങളാൽ മലിനമായിരിക്കുകയാണ് .ഭൂമിയിലെ നിരവധിയായ ജീവജാലങ്ങളിൽ ഒന്ന് മാത്രമാണ് മനുഷ്യൻ .നിലനിൽപ്പിനായി മറ്റു ജീവജാലങ്ങളെ ഇത്രയേറെ ആശ്രയിക്കുന്ന മറ്റൊരു ജീവിയും ഈ ഭൂമുഖത്തില്ല .തന്റെ നിലനിൽപ്പിനെ മാത്രം മുന്നിൽ കണ്ടുകൊണ്ട് മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന ഇടപെടലുകൾ വിപരീത ഫലമാണ് ഉണ്ടാക്കുക .വരും തലമുറക്ക് കൂടി ആസ്വദിക്കുവാൻ ഈ പ്രകൃതിയുടെ പച്ചപ്പ് നിലനിർത്തേണ്ടത് അനിവാര്യമാണ് .ജീവിക്കാനുള്ള നെട്ടോട്ടത്തിനിടയിൽ ജീവിക്കാൻ മറന്നവരാണ് നമ്മൾ .ഭൂമി മനുഷ്യന്റേതല്ല മനുഷ്യൻ ഭൂമിയുടേതാണെന്ന യാഥാർഥ്യം മനസിലാക്കാം .വരും തലമുറയ്ക്ക് വേണ്ടി നമ്മുക്ക് ഒത്തൊരുമിച്ചു ഈ ഭൂമിയെ സംരക്ഷിക്കാം .

അനുഗ്രഹ ജി

## മഴ

കാർമേഘമേ നിൻ കുഞ്ഞു എൻ
സമൂഹത്തിലധികമായാൽ
മഹാമാരിയുണ്ടാവുമോ.
അല്ലെങ്കിൽ മനുഷ്യരാശിയെ നീ
ചൂഴ്ന്നതിന്നുമോ .
അതീനതയുടെ ചങ്ങല പൊട്ടിച്ചെറിഞ്ഞ്
അനന്തവിഹായസ്സിൽ നീ ഈ ഭൂമിയെ
മാറ്റുമോ .
പക്ഷെ എനിക്ക് ഒന്നിൽ വിശ്വസിക്കാം
മണ്ണിനും മരത്തിനും വളമേകി നീ

സങ്കീർത്ത് എ

# അമ്മ

അമ്മ എന്നത് രണ്ട്  അക്ഷരമല്ല,
അമ്മയെന്നത് ഒരു സംസ്കാരമാണ് .
അതീനതയിൽനിന്ന് അനന്തവിഹായസിൽ ഉയർത്തുന്ന
അമ്മ ഒരു ദൈവമാണ്
എന്നും കൂടെനിന്ന് നെഞ്ചോട് ചേർക്കുന്ന
അമ്മ ഒരു ദൈവതുല്യമാണ് .
എൻ അമ്മ അമ്മയാണ് .

ആദിത്യ പി

# പ്രകൃതിയും  പുതുതലമുറയും

പ്രകൃതിയിൽനിന്ന് അനുദിനം അകന്നുകൊണ്ടിരിക്കുകയാണ് പുതുതലമുറ.ഇനി വരുന്ന തലമുറയ്ക്ക് കുടി ആവിശ്യം ഉള്ളതാണ് പ്രകൃതി എന്ന തിരിച്ചറിവില്ലാതെ അനുദിനം നാം പ്രകൃദിയെ നശിപ്പിച്ചുകൊണ്ടിരിക്കുന്നു .നമ്മുടെ സ്വാർത്ഥമായ മനസ്സ് പ്രകൃതിയെ നശിപ്പിക്കാനുള്ളതല്ല മറിച് സംരക്ഷിക്കാൻ ഉള്ളതാണ് .പ്രകൃതിയിലെ അടിസ്ഥാന ഘടകങ്ങളെ നാം കൊല്ലുകയാണ് . ആർഭാടജീവിതം ആഗ്രഹിക്കുന്ന മനുഷ്യർ പ്രകൃതിയെ ചൂഷണം ചെയ്താണ് ആർഭാടജീവിതത്തിലേക്കുള്ള വഴികാണുന്നത് .കാടെന്നോ മേടെന്നോ ഇല്ലാതെ മനുഷ്യൻ പ്രകൃതിയെ ഷൂഷണം ചെയ്യുന്നതിനാലാണ് വന്യജീവികൾ നാട്ടിലേക്കിറങ്ങുന്നത് .പ്രകൃതിയെ സംരക്ഷിക്കേണ്ടത് ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വമാണ് .

പ്രകൃതിയെ സംരക്ഷിക്കാൻ ചില നിർദേശങ്ങൾ

* പ്ലാസ്റ്റിക് വെലിച്ചെറിയാതിരിക്കുക
* മരം മുറിക്കാതിരിക്കുക
* മണൽ വാരൽ തടയുക
* അമിതമായ പ്രകൃതി വിഭവങ്ങളുടെ ഉപയോഗം കുറയ്ക്കുക
* കുന്നിടിക്കൽ തടയുക
* വയൽ നികത്തതിരിക്കുക

തൻഹ പ്രദീപ് എസ്




# സൗഹൃദം

മറ്റുള്ളവർ തിരിഞ്ഞു നടക്കുമ്പോൾ നമ്മുടെ അടുത്തേക്ക് നടന്ന് വരുന്നവനാണ് യഥാർത്ഥ സുഹൃത്ത് . പ്രണയമാണ് ഏറ്റവും വലുതെന്ന് പറഞ്ഞു നടക്കുന്നവർ സൗഹൃദത്തിന്റെ വില എന്താണെന്ന് അറിയാത്തവരാണ് . സൗഹൃതങ്ങളിൽ വലിപ്പ ചെറുപ്പമില്ല . എല്ലാം തുറന്ന് പറയാൻ കഴിയുന്നവരാണ് സുഹൃത്ത് . നമ്മുടെ വട്ടുകളൊക്കെ അങ്ങനെത്തന്നെ ആസ്വദിക്കാൻ പറ്റിയ ഒരുകൂട്ട് കിട്ടുന്നിടത്താണ് ജീവിതത്തിലെ ഏറ്റവും സുന്ദരമായ നിമിഷങ്ങൾ പിറക്കുന്നത് . നമ്മുടെ എന്ത് പൊട്ടത്തരത്തിനും കൂട്ട് നിൽക്കുന്നവരാണ് സുഹൃത്തുക്കൾ . നമ്മുടെ സന്തോഷത്തിലും സങ്കടത്തിലും കൂടെയുണ്ടാവും . കുറച് ഇണക്കങ്ങളും പിണക്കങ്ങളും നിറങ്ങാതാണ് സൗഹൃദം . എന്റെ ജീവിതത്തിലുമുണ്ട് കൂടെ നിൽക്കുന്ന സുഹൃത്ത് .എന്റെ പ്രിയപ്പെട്ട തൻഹ .

അഷിമ കെ എം



## കേളപ്പന്റെ ചെമ്മരിയാട്ട്

ഒരു നാട്ടിൽ ഒരു ചെമ്മരിയാട് ഉണ്ടായിരുന്നു ചെമ്മരിയാടാനിങ് സംസാരിക്കാനുള്ള കഴിവഉണ്ടായിരുന്നു .ആ കേളപ്പൻ തന്നെ ഒരു നയാ ഉണ്ടായിരുന്നു വളരെ ബുദ്ധിയുള്ള നായ ആയിരുന്നു എന്ത് പറഞ്ഞാലും കേൾക്കുമായിരുന്നു കേളപ്പൻ ഒരു വിവാഹം കഴിച്ചു ആ പെണ്ണീന്റെ പേരായിരുന്നു ജാനു .ആ രാത്രിയിൽ കേളപ്പനും  ജാനുവും ഉറങ്ങി .ആ സമയത് ഒരു പുലി വന്നു ചെമ്മരിയാടിനെ വേട്ട ആടാൻ നോക്കി ആ സമയത് ആണ് കേളപ്പന്റെ നായ വന്നത് പുലിയെ വന്ന് വഴി ഓടിച്ചു ഓട്ടം കണ്ട് നായയും ചെമ്മരിയാടും ചിരിച്ചു .പിന്നെ രാവിലെ ആയി .ചെമ്മരിയാട് കേളപ്പൻനോടും ജാനുഎടതിയോടും കാര്യം പറഞ്ഞു കഥ കേട്ടപ്പോൾ രണ്ടുപേർക്കും ചിരി സഹിക്കാൻ പറ്റുന്നില്ല

റിഷിനന്ദ് പി

## ദാഹിച്ചു വലിഞ്ഞ ഒരു യാത്രക്കാരന്റെ കഥ

ഒരു ദിവസം രാവിലെ യാത്ര ചെയ്യാൻ പോയ ഒരു യാത്ര കാരൻ ഒരു ശാക്തിയായി ദാഹം വന്നു അദ്ദേഹം കുറെ യാത്ര ചെയ്ത് അദ്ദേഹത്തിന് ഒരു തുള്ളിവെള്ളവും എവിടേയും കണ്ടിട്ടില്ല .അങ്ങനെ ക്ഷിണിതനായ വിടും യാത്ര ചെയ്യുന്ന തുടങ്ങി കുറെ നടന്നതിന് ശേഷം അദ്ദേഹം ഒരു കിണർ കണ്ടു ഒരു പത്രം എടുത്ത് അദ്ദേഹം മറ്റൊന്നും നോക്കാതെ കിണറിൽ ഇറങ്ങി വെള്ളം കുടിച്ചു ദാഹം മാറ്റി .പിന്നീട് അദ്ദേഹം കിണറ്റിൽ നിന്ന് നോക്കിയപ്പോൾ നനഞ്ഞ മണ്ണ് തപ്പുന്ന ഒരു നായയെ കണ്ടു .അദ്ദേഹം ചിന്ദിച്ചു .എനിക്ക് പിടിപെട്ടതും ഇതിനും ദഹിക്കുന്നുണ്ടാകും .ഉടെനെ അദ്ദേഹം പാത്രത്തിൽ വെള്ളം നിറച്ചുകൊടുത്തു അതിന്റെ ദാഹം മാറ്റി .

മുഹമ്മദ് റിസ്വാൻ



## ഫുടബോളിന്റെ മന്ത്രികർ

ഫുടബോളിനെ താളം തെറ്റിച് പന്തിന് പിറകെ ഓടുന്ന മന്ത്രികന്മാർ ആണ് നെയ്മറും മെസ്സിയും റൊണാൾഡോയും .ഇവരോട് ഏറ്റുമുട്ടാൻ ഈ കളിക്കളത്തിൽ ആരുമില്ല . ഐഎം വിജയൻ എന്ന കേട്ടാൽ എതിർ ടീമിലെ ആൾക്കാർ ഒന്ന് വിറക്കും . ഐ എം വിജയൻ സർ ഉം മറഡോണയും ഏറ്റുമുട്ടിയ ഒരു ദിവസം ഉണ്ടായിരുന്നു .അതാണ് കൊച്ചിയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയും . ഇന്നും അവിടെ ഫുഡ് ബോളിന്റെ മാമാങ്കം നടന്നുകൊണ്ടിരിക്കുന്നു .ലൂണയും , ഡൈമൻഡ് അക്രോസും , രാഹുൽ കെ പി യും, പെപ്രയും ഫുട്ബോളിന്റെ മന്ത്രികരായി ഇപ്പോഴും അവിടെ ഉണ്ട് .തോല്വിയോട് മല്ലടിച്ച ജയിക്കാനുള്ള കരുത്ത് നേടിയവരാണ് ഇവർ നാലുപേരും .ഇപ്പോഴും ഐ സ് ൽ നടന്നുകൊണ്ടിരിക്കുന്നു .ഇവർ നാലു പേർക്കും എന്റെ അഭിനന്ദനങ്ങൾ .

സായികൃഷ്ണ എസ്

# കൊറോണ എന്ന  മഹാമാരി

2020 ൽ ഈ ലോകത്തെ നശിപ്പിക്കാൻ ചൈനയിൽ  നിന്നും ഒരു മഹാമാരി വന്നെത്തി .അതോട് കുടി ഈ ലോകം പതുക്കെ പതുക്കെ നശിക്കാൻ തുടങ്ങി .ഒരു കൂട്ടിലിട്ട പക്ഷിയെ പോലെ മാനുഷർ വീട്ടിൽ അക  പ്പെട്ടു . ഞങ്ങൾ 5 ആം ക്ലാസ്സിൽ പഠിക്കുബോൾ ആണ് കൊറോണ എന്ന മഹാമാരി കടന്നുവന്നത് . ആദ്യം ഞങ്ങൾ സന്തോഷിച്ചു പിന്നെ പിന്നെയാണ്  ഇതിന്റെ കാര്യഗൗരവത്തിൽ മനസ്സിലായത് .  അങ്ങനെ വീട്ടിലിരുന്നു മടുത്തു .പുറം ലോകവുമായി യാതൊരു ബന്ധവുമുണ്ടായിരുന്നില്ല . അങ്ങനെ കൊറോണ എന്ന മഹാമാരി ഉണ്ടായപ്പോൾ ഒരു ഉപയോഗം ഉണ്ടായി പാചകം ചെയ്യാൻ പഠിച്ചു . അങ്ങനെ നങ്ങൾ ആറാം ക്ലാസ്സിൽ എത്തി . ആ സമയം ഓൺലൈൻ ക്ലാസ്സായിരുന്നു .   സ്കൂളിൻ പോവാൻ കഴിഞ്ഞില്ല .

സർക്കാർ നമ്മുക്ക് വേണ്ടി  മാസ്കും സാനിറ്റൈസറും .പിന്നെ വാക്സിനും കൊണ്ടുവന്നു .പിന്നെ ചെറിയ ഭീതി ഉണ്ടായിരുന്നു വൈകുന്നേരം 5 ;൦൦ മണിക് ഞാനും എന്റ്റെ വിട്ടുകരും     .      ടീവിയുടെ മുന്നിൽ ഇരിക്കും മുഖ്യ മാന്ത്രിയുടെ വാർത്താസമ്മേളനം കാണാൻ ഇരിക്കും . വാർത്തകളിൽ ഇടയിക് പറയും ഭീതി അല്ല വേണ്ടത് ജാഗ്രതയാണ് വേണ്ടത് എന്നാലും ചുറ്റിലും ഒരു ഭയം അത് എന്താണ് എന്ന അറിയില്ല അങ്ങനെ കുറെ ദിവസം കഴിഞ്ഞു ഞങ്ങൾ നവംബർ 1 തിയതി ഞങ്ങൾ സ്‌കൂളിൽ 7 ക്ലസ്സിൽ  എത്തി അന്ന് മാസ്ക് ഉണ്ടായിരുന്നു പിന്നെ കുറെ ദിവസം കഴിഞ്ഞു കൊറോണയെ എല്ലാവരും മറന്നു .

തന്മയി സൂര്യ കെ കെ

# ലഹരി

ലഹരി എന്ന വാക്ക് മനുഷ്യനെ തകർക്കാൻ  കഴിവുള്ളതാണ് അത്
പലതരത്തിൽ ഉണ്ട് .ലഹരി ഒരു മരഗാമയെ ഒരു രോഗമാണ് അതിനെ ഒരു
മനുഷ്യനും തകർക്കാൻ കഴിയുക ഇല കാരണം അത് ഒരു മാരകമായ
വിഷമാണ് .ഒരു മനുഷ്യൻ നല്ല അവസ്ഥയിൽ നിന്ന് മോശമാകുന്നത് ഒരു
ലഹരി ഉപയോഗിച്ചാണ് .
ഈ കേരളത്തിൽ എത്രയോ അമ്മയോട് പെങ്ങളോടും കുഞ്ഞു
അനിയത്തിയോടും മര്ദിചിച്ചിട്ടുണ്ട് .ഒരു വ്യക്തിയെ മാനസമാധാനത്തോടെ
ജീവിക്കാൻ വിടുകയില്ല
ലഹരി മനുഷ്യനെ കാർന്നുതിന്നുന്ന വിഷമമാണ് .

അൻവിൻ പി

# ലഹരി

ഒരു ദിവസം അമ്മു എന്ന കുട്ടി പുറത്തു പോവുകയായിരുന്നു . അവൾ സന്തോഷത്തോടെ ആടിയും പാടിയും നടക്കുമ്പോളാണ് അവൾ ഒരു കാര്യം ശ്രദ്ധിച്ചത് , ഒരു അമ്മൂമ്മ വഴിയിൽ വീണ് കിടക്കുന്നു . ആ അമ്മൂമ്മ ആൾക്കാരോട് സഹായം ചോദിക്കുന്നുണ്ട് . അപ്പോൾ അതുവഴി പോകുന്ന ഒരു കുട്ടി അമ്മൂമ്മയെ ശ്രദ്ധിച്ചു .

പക്ഷെ അമ്മൂമ്മയെ കാണാത്തത് പോലെ ആ കുട്ടി തിരിഞ്ഞു നടന്ന് . അമ്മു ഓടി ചെന്ന് അമ്മൂമ്മയെ സഹായിച്ചു . അമ്മൂമ്മ അവളോട് പറഞ്ഞു നിനക്ക് നാളത്തെ വരു , കൂടാതെ ഓര്മ്മയും കൊടുത്തു .എന്നിട്ട് അമ്മു ആ അമ്മൂമ്മയെ തിരിച്ചു വീട്ടിൽ കൊണ്ട് വിട്ടു . അമ്മു എന്നിട്ട് നടന്ന കാര്യം അമ്മയോട് പറഞ്ഞു .'അമ്മ പറഞ്ഞു എല്ലാവരെയും സഹായിക്കണമെന്ന് .അവൾക്ക് അത് കേട്ടപ്പോൾ സന്തോഷമായി .അമ്മു പിന്നെ എല്ലാവരെയും സഹായിയ്ക്കാൻ തുടങ്ങി .ഇതിൽ പറഞ്ഞതുപോലെ നിങ്ങളും മുതിർന്നവരെ സഹായിക്കു .നന്മ ചെയ്താൽ നന്മ മാത്രമേ വരു ....................

വൈഗ രാജേഷ്

# അമ്മയ്ക്ക് ഒരു ഉമ്മ

സ്നേഹമാണെന്നമ്മ
നന്മയാണെന്നമ്മ
താരാട്ടുപാടിയെന്നെ
ഉറക്കുമെന്നമ്മ
ആരവയറുണ്ടെന്ന
ഊട്ടിവലുതായാക്കിയെന്നമ്മ
എന്നമ്മ..പൊന്നമ്മ ..
ഉദരത്തിൽ ചുമന്നെന്നമ്മ
സ്നേഹവായ്പോടെ ദിനമേ

ഫാത്തിമത് സിയ മെഹറിന്എം എം

# എന്താണ് യാത്ര ?

ജീവിതമാണ് യാത്ര
ഒരിക്കലും അവസാനിക്കാത്ത യാത്ര
അറിവിന്റെ അവസാനമില്ലാത്ത യാത്ര
നന്മയുടെയും തിന്മയുടെയും
തിരിച്ചറിവിന്റെയും യാത്ര

സ്നേഹത്തിന്റെ യാത്ര
കരുണയുടെയും കരുത്തിന്റെയും യാത്ര
ഉയർത്തെഴുന്നേൽക്കാൻ എന്നെ
പഠിപ്പിച്ച യാത്ര
ഒരിക്കലും മറക്കാത്ത എന്റെ
സ്വന്തം യാത്ര................

നിയ ഒ

## ജീവിതമൊരു യാത്ര

-----------------------

ജീവിതമൊരു യാത്ര
അതിലൊഴുകുമീ നമ്മൾ
ജീവിതം മായാജാലമൊളി-
പ്പിച്ചൊഴുകുമീ പുഴപോൽ
സ്നേഹത്തിന് ചങ്ങലയിൽ
വിരഹത്തിൻ വിങ്ങലിൽ
ആശ്വാസമാം ഒരു പുഞ്ചിരി
വളരുമെൻ സ്വപ്നങ്ങൾ-
മുല്ലവള്ളിപോൽ
ജീവിത നിവർത്തിക്കായി-
മാറ്റിവെക്കുമെൻ പടർന്നുപിടിച്ചഴെൻ-
സ്വപ്നങ്ങളോരോന്നും
അലകടലായ് ഉയരുമോ മോഹന-
സ്വപ്നങ്ങൾ തലത്തിടട്ടെ ഈ യാത്രയിൽ ............

---------------------

നാജിഹ എം എം

# മാതൃഭാഷ

മാതൃഭാഷ ഇന്ന് നമ്മുക്ക്
അന്യമായിക്കൊണ്ടിരിക്കുകയാണ് .ഇന്ന് ഓരോ
മാതാപിതാക്കളും അവരുടെ മക്കൾക്ക് മാതൃഭാഷ അറിയില്ല
എന്ന് അഭിമനത്തോടെയാണ് പറയുന്നത് ഒരു മനുഷ്യന്റെ
ജീവിതത്തിൽ മാതൃഭാഷയ്ക്ക് പെറ്റമ്മയുടെ
സ്ഥാനമാണുള്ളത് .ജനിച്ചയുടൻ തന്നെ നാം കേൾക്കുന്ന
ഭാഷയാണ് മാതൃഭാഷ എന്നാൽ ഇന്ന് എല്ലാവരും
മലയാളഭാഷയെ മറന്ന് മാറ്റ് ഭാഷകളുടെ പിറകെ
പോകുകയാണ് അമ്മയെന്ന മലയാളത്തെ നാം ഒരിക്കലും
മറക്കില്ലെന്നും അതിനെ സംരക്ഷിക്കാമെന്നു നമ്മുക്ക്
തിരുമാനിക്കാം

നിയ കെ

# മഴ

പ്രകൃതിയിലെ  മഴ.............
മഴയിൽ അലിയുന്ന
സങ്കടം.........
മഴയിൽ അലിയുന്ന
സന്തോഷം........
മഴയിൽ അലിയുന്ന പല പല
വികാരങ്ങൾ
ജീവിതം ആവുന്ന മഴ
ഒരികലും തീരാത്ത,
നിൽക്കാത്ത മഴ

ഷാസിയ ടി കെ

# എന്റെ യാത്ര

നിന്നിലേക്കുള്ള എന്റെ
യാത്രകൾ.........
ഒരു നിലാവ് പോലെയായിരുന്നു
സ്വരങ്ങൾ ഇല്ലാത്ത കവിത പോലെ

വരികൾ ഇല്ലാത്ത പാട്ടുപോലെ
വാചാലമായ മൗനം പോലെ
അത് എനിക്ക് അത്രയും......
പ്രിയപ്പെട്ടതായിരുന്നു

ദേവാങ്കന എ

# യാത്രയാകുന്ന ജീവിതം

നാണയവശങ്ങളാകുന്ന  ജീവിതം
സുഖവും  ദുഖവും  അണിചേരുന്ന  ജീവിതം .
ദീർഘമായ യാത്രയാകുന്ന ജീവിതം
വികാരമനുഭവകപ്പെടുന്ന  ജീവിതം
ആസ്വാധകമാകുന്ന ജീവിതം
അനുഭവമാകുന്ന ജീവിതം ...........
ഹൃദ്യമായിത്തീരുന്ന ............................

റിതിക ടി ടി

# 'അമ്മ

അമ്മയാണ്  സത്യം
'അമ്മ തന്നെ സ്നേഹം
അമ്മയാണ് കൺ മുന്നിൽ
കാണുന്ന ദൈവം
ദൈവത്തിനെന്തല്ലാം
നന്മകളുണ്ടോ
അവയെല്ലാം ഈ മണ്ണിൽ
അമ്മ മാത്രം
മാതാവിൻ വാത്സല്യം തേൻകുടം പോലെ
അമ്മയും മലയാളമെന്നപോലെ
അമ്മയെന്നൊരു രണ്ടക്ഷരമല്ലയോ
പിഞ്ചു കൈകളാൽ വാത്സല്യമേകിടും

സിയ എ പി


# ചിത്രം




ദേവാങ്കന എ



ബദരിനാഥ് സി പി



ഫിദൽ രാജീവ്



അനുഗ്രഹ ജി